(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തവണയാണ് പ്രസ്തുത സ്ഥാപനങ്ങളിലെ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധിപ്പിച്ചത്; ; പ്രസ്തുത സ്ഥാപനങ്ങളിലും പൊതു വിപണിയിലും ഇപ്പോൾ ഇവ ഓരോന്നിന്റെയും വില എത്രയാണ് ?

ഉത്തരം

(എ) വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം മൂന്ന് തവണ നിത്യോപയോഗ സാധനങ്ങളുടെ സബ്സിഡി വില വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുവരുന്ന 13 ഇനം ഭക്ഷ്യവസ്തുക്കളുടെ വിലയും, നിലവിലെ പൊതുവിപണി വിലയുടെയും വിശദാംശംങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

പൊതുവിതരണം ശക്തിപ്പെടുത്തുന്നതിന് നടപടി

196(4828) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) നിലവിൽ എ.പി.എൽ, ബി.പി.എൽ വിഭാഗക്കാർക്ക് റേഷൻ കടകൾ വഴി ലഭ്യമാകുന്ന അവശ്യവസ്തുക്കളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) വിലക്കയറ്റം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ നിലവിൽ റേഷൻകടകളിലൂടെ നൽകി വരുന്ന സാധനങ്ങളോടൊപ്പം പലവ്യഞ്ജനങ്ങളും കൂടി സബ്സിഡി നിരക്കിൽ നൽകുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനായി പൊതുവിതരണ ശൃംഖലയിലൂടെ കുറഞ്ഞ നിരക്കിൽ ഭക്ഷ്യസാധനങ്ങൾ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു. കരിഞ്ചന്തയും, പൂഴ്ത്തിവയ്പും നടത്തി കൃത്രിമക്ഷാമം സൃഷ്ടിച്ച് അവശ്യവസ്തുക്കളുടെ വില വർദ്ധിപ്പിക്കാനിടയുള്ള സാഹചര്യങ്ങളെ മുൻകൂട്ടിക്കണ്ട് അതിനെതിരെ കർശന നടപടി സ്വീകരിക്കുവാൻ സിവിൽ സപ്ലൈസ് വകുപ്പ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ജാഗ്രതകമായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ റേഷൻ മൊത്ത/ചില്ലറ വ്യാപാര ഡിപ്പോകളിലെ പരിശോധന ഊർജ്ജിതമാക്കുന്നതിനായി സംസ്ഥാന തലത്തിൽ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലും ജില്ലാ തലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും റേഷനിംഗ് ഇൻസ്പെക്ടർമാരും പരിശോധനകൾ നടത്തുകയും ക്രമക്കേടുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. അവശ്യസാധനങ്ങളുടെ സ്റ്റോറേജ്, വിപണനം എന്നിവയ്ക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും സ്റ്റോക്ക് പരിധി നിശ്ചയിച്ച് നടപ്പാക്കി വരികയും ചെയ്യുന്നു. കൂടാതെ ഭക്ഷ്യോപദേശക വിജിലൻസ് സമിതികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. റേഷൻ സാധനങ്ങളുടെ നീക്കം നിരീക്ഷിക്കുക, കരിഞ്ചന്ത തടയുക, എഫ്.സി.ഐ.-യിൽ നിന്നുള്ള ഭക്ഷ്യധാന്യങ്ങളുടെ നീക്കം നിരീക്ഷിക്കുക, ഉപഭോക്താവിന്റെ അറിയാനുള്ള ആഗ്രഹത്തെ ശക്തിപ്പെടുത്തുക മുതലായ ലക്ഷ്യത്തോടുകൂടി വെബ് അടിസ്ഥാനമാക്കിയ എസ്.എം.എസ്. FMPDS (Food grain Movement for effective Public Distribution System) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഉപഭോക്താക്കൾക്ക് അർഹമായ അളവിലും ഗുണത്തിലും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി റേഷനിംഗ് ഇൻസ്പെക്ടർമാർ വീട് വീടാന്തരം റേഷൻ കാർഡുകൾ പരിശോധിക്കുകയും റേഷൻ കടകളിലെ രജിസ്റ്ററുമായി ഒത്തുനോക്കി റേഷൻ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല സമ്പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇവയെല്ലാം തന്നെ കരിഞ്ചന്ത തടയുന്നതിനും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും സഹായിക്കുന്നു.

(ബി) എ.പി.എൽ. കാർഡുടമകൾക്ക് 10 കി.ഗ്രാം അരി 8.90 രൂപാ നിരക്കിലും 1 കി.ഗ്രാം ഗോതമ്പ് കിലോഗ്രാമിന് 6.70 രൂപ നിരക്കിലും കാർഡൊന്നിന് 2 കി.ഗ്രാം ആട്ട കിലോഗ്രാമിന് 15 രൂപാ നിരക്കിലും പ്രതിമാസം നൽകുന്നു. എ.പി.എൽ. വിഭാഗത്തിൽപ്പെട്ട രണ്ട് രൂപാ നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 10 കിലോഗ്രാം അരി കിലോഗ്രാമിന് 2 രൂപാ നിരക്കിൽ നൽകുന്നു. ബി.പി.എൽ. കാർഡുടമകൾക്ക് കിലോഗ്രാമിന് 1 രൂപാ നിരക്കിൽ 25 കി.ഗ്രാം അരിയും 2 രൂപാ നിരക്കിൽ 7 കി[illegible]ഗ്രാം ഗോതമ്പും കിലോഗ്രാമിന് 13.50 രൂപാ നിരക്കിൽ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാരയും നൽകുന്നു. എ.എ.വൈ. വിഭാഗത്തിൽപ്പെട്ടവർക്ക് 1 രൂപാ നിരക്കിൽ 35 കിലോഗ്രാം അരിയും കിലോഗ്രാമിന് 13.50 രൂപാ നിരക്കിൽ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാരയും നൽകുന്നു. അന്നപൂർണ്ണ

LIBRARY ARCHIVES Kerala Legislative Assembly

കാർഡുടമകൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി നൽകുന്നു. എല്ലാ വൈദ്യുതീകരിച്ച വീടുള്ള കുടുംബങ്ങൾക്കും ½ ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ള കുടുംബങ്ങൾക്ക് 4 ലിറ്റർ മണ്ണെണ്ണയും ലിറ്ററിന് 17/18 രൂപ നിരക്കിൽ നൽകുന്നു.

(സി) നിലവിൽ ഇക്കാര്യം പരിഗണിക്കുന്നതിന് നിർവ്വാഹമില്ല

ഹോട്ടലുകളുടെ ഗ്രേഡിങ്ങ്, വില ഏകീകരണം

197 (4829) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഹോട്ടലുകളുടെ ഗ്രേഡിങ്ങ്, വില ഏകീകരണം എന്നിവ സംബന്ധിച്ച എന്ത് നിയമമാണ് നിലവിലുള്ളത്; ഇത് പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ നിലവിലുള്ള സംവിധാനമെന്താണ്?

ഉത്തരം

ഹോട്ടലുകളിലെ വില ഏകീകരിക്കുന്നത് സംബന്ധിച്ചോ അതിനായി ഗ്രേഡിംഗ് നടത്തുന്നതിനോ നിലവിൽ നിയമം ഒന്നും തന്നെയില്ല. ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതു സംബന്ധിച്ച് ഒരു നിയമ നിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്.

ഭക്ഷ്യസുരക്ഷാ നിയമം

198 (4830) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ച് കേരളത്തിന് കിട്ടുന്ന ആനുകൂല്യങ്ങളും ഗുണഫലങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ ഉത്തരവാദിത്വങ്ങൾ എന്തെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly